**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1233** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴിയിൽ മണൽ നീക്കം ചെയ്യുന്നതിന് സ്ഥിര സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിൽ മണൽ അടിഞ്ഞുകൂടുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്നതിനാൽ, മണൽ നീക്കം ചെയ്യുന്നതിന് സ്ഥിര സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ; | (എ) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിലെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് വടക്കേ പുലിമുട്ടിലെ വടക്കുഭാഗത്ത് നിക്ഷേപിക്കുന്നതിന് സ്ഥിരസംവിധാനം ഒരുക്കുന്നതിന് സാന്റ് ബൈപ്പാസിംഗിനുള്ള 11 കോടി രൂപയുടെ, 31/07/2023- ൽ ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ആയതിന് വേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അടിഞ്ഞ് കൂടുന്ന മണൽ നീക്കുന്നതിന് അടിയന്തര പരിഹാരം എന്ന നിലയിൽ തുറമുഖത്തിന്റെ തെക്ക് ഭാഗത്തെ മണ്ണ് വടക്ക് ഭാഗത്ത് ലോറിയിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതിനായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിന് 1/8/2023-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മുതലപ്പൊഴിയിൽ അപകടങ്ങളിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ നഷ്ടപരിഹാരം എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | മുതലപ്പൊഴി അപകടവുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആകെ 73,60,000/-രൂപ ഇൻഷൂറൻസ് ധനസഹായം, അടിയന്തിര ധനസഹായം എന്നീ ഇനങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട് . |
| (സി) | കൂടുതൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനും കുടുംബങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനുമായി നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ